## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4989

23.03.2018-ൽ മറുപടിയ്ക്ക്

### കാട്ടുതീമൂലം ഉണ്ടായ നാശനഷ്ടം

ചോദ്യം

ശ്രീ. സി.ദിവാകരൻ

ഉത്തരം

അഡ്വ.കെ.രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാട്ടുതീമൂലം ഉണ്ടായ നാശനഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാട്ടുതീ മൂലം ഉണ്ടായ നാശനഷ്ടത്തിന്റെ സർക്കിൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർക്കിൾ | കാട്ടുതീയുടെ എണ്ണം | വിസ്തൃതി (ഹെക്ടർ) | സാമ്പത്തിക നഷ്ടം (രൂപയിൽ) |
|---|---|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 153 | 854.58 | 17148 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 258 | 1643.55 | 35910 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 143 | 587.54 | 180000 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 202 | 672.56 | 38100 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 44 | 225.46 | 5000 |
| 6 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, | 26 | 43.31 | -- |

| | | | | |
|---|---|---|---|---|
| | തിരുവനന്തപുരം | | | |
| 7 | ഫീൽഡ് ഡയറക്ടർ (പ്രൊജക്ട് ടൈഗർ), കോട്ടയം | 64 | 454.39 | -- |
| 8 | ഫീൽഡ് ഡയറക്ടർ, വൈൽഡ് ലൈഫ്, പാലക്കാട് | 81 | 273.88 | -- |
| | ആകെ | 971 | 4755.27 | 276158 |

(ബി) കാട്ടുതീമൂലം നഷ്ടപ്പെടുന്ന വനസമ്പത്തും ജൈവ-സമ്പത്തും വീണ്ടെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) വനത്തിനകത്തുതന്നെ മഴവെള്ളം സംഭരിച്ചു നിർത്താനും അതുവഴി വനത്തിനകത്ത് ആർദ്രത നിലനിർത്താനും കാട്ടുതീയുടെ സാധ്യത കുറയ്ക്കാനും വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ജലാശയങ്ങൾ ആഴം കൂട്ടുകയും മണ്ണ് നീക്കം ചെയ്യുകയും, പുതുതായി ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി ഇനിയും തുടരുന്നതാണ്.

(സി) ഇതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

(സി) കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ധപരിശീലനം നൽകുന്നതിനോടൊപ്പം, കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ അത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വെ ഓഫ് ഇൻഡ്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും

സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ച് വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ